[Hon'ble Mr. V. O. Markos]

(ബി) അങ്ങനെയുള്ള നിവേദനങ്ങൾ ഒന്നും ഗവണ്മെൻറിനു ലഭിച്ചിട്ടില്ല.

സി. എ-യുടെയും ബി-യുടെയും ഉത്തരംകൊണ്ട് സി ഉത്ഭവിക്കുന്നില്ല.

വളം ഡിപ്പോ.

222. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വളം ഡിപ്പോവകുപ്പു മന്ത്രി സദയം മറുപടി പറയുമോ ?

(എ) കുന്നത്തുനാട്ടുതാലൂക്കിൽ ചേന്ദ കോതകുളങ്ങര പകുതിയിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ചു സഹായിക്കാൻ പൊതുജനങ്ങൾ ചേന്ദ് അപേക്ഷിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്നും പറയാൻ മയവുണ്ടാകുമോ ?

HON'BLE MR. V. O. MARKOS :

(എ) കോതകുളങ്ങര പകുതിയിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ചു പൊതുജനങ്ങളെ സഹായിക്കണമെന്ന അപേക്ഷയൊന്നും കിട്ടിയിട്ടില്ല.

(ബി) ഏയുടെ ഉത്തരത്തിൽനിന്ന് ബി ഉത്ഭവിക്കുന്നില്ല.

MR. T. T. KESAVAN SASTRI : ടി സ്ഥലത്തു വച്ചുകൂടിയ ഒരു സമ്മേളനത്തിൽ പാസാക്കിയ പ്രമേയങ്ങളിൽ അച്ചടിച്ചിട്ടുള്ളതിന്റെ പ്രതി ഏതെങ്കിലും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : അതേപ്പറ്റി അന്വേഷിച്ചു പറയാൻ നിവൃത്തിയുള്ളൂ. മൂക്കന്നൂർ കരയിൽ കെ. വി. പൗലോസ് ആൻഡ് സൺസിന് ഒരു വളം ഡിപ്പോ ഏജൻസി അനുവദിച്ചുകൊടുത്തിട്ടുണ്ട്.

MR. T. T. KESAVAN SASTRI : അവർ ഇപ്പോൾ വളം വിതരണം ചെയ്യുന്നുണ്ടോ എന്നറിയാമോ ?

HON'BLE MR. V. O. MARKOS : അവർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. എന്തായാലും വളം ഡിപ്പോ തുടങ്ങുന്നതിനു അനുവാദം കൊടുത്തിട്ടുണ്ട്.

ഉപ്പുവ്യവസായം.

*223. MR. KRISHNAN AIYAPPAN (*Shertallai III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉപ്പുവ്യവസായം ദേശീയമാക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു സംബന്ധിച്ചു താഴെ ചേർക്കുന്ന വിവരങ്ങൾ ദയവായി പ്രസ്താവിക്കുമോ ?

(എ) ദേശീയമാക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം?

(ബി) ദേശീയമാക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന മൊത്ത വരവ് ?

(സി) അളം പാട്ടത്തിനു നടത്തുന്നവർക്കു കൊടുക്കേണ്ടിവരുന്ന സംഖ്യ ?

(ഡി) ഇപ്പോൾ പ്രതിവർഷം ഉപ്പളങ്ങളിൽ നിന്നു കിട്ടുന്ന ആദായം ?

HON'BLE MR. T. K. NARAYANA PILLAI : ഉപ്പു വ്യവസായം ദേശീയമാക്കുന്നതിനുള്ള പദ്ധതികളെപ്പറ്റി ആലോചനകൾ നടക്കുന്നുണ്ട്.

(എ, ബി, സി) ഈ സംഗതികൾ അന്വേഷണത്തിൽ ഇരിക്കുകയാണ്.

(ഡി) അറിയിക്കാൻ ലക്ഷ്യം ഇപ്പോൾ.

MR. KANNARA GOPALA PANICKAR (*Thiruvalla II—General*) : ഇപ്പോൾ സംസ്ഥാനത്തു് ആകെ എത്ര ഉപ്പളങ്ങൾ ഉണ്ടെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : പ്രധാനമായി മൂന്നെണ്ണമാണുള്ളതു്. താരതമ്യേന പ്രാധാന്യം കുറഞ്ഞ ചില ചെറിയ ഉപ്പളങ്ങളും ഇവ കൂടാതെയുണ്ട്.

MR. KANNARA GOPALA PANICKAR : കൂടുതൽ ഉപ്പളങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : കൂടുതൽ ഉപ്പളങ്ങൾ ഉണ്ടാക്കാനുള്ള സാദ്ധ്യതകളെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചു വരുകയാണ്. അതു സംബന്ധിച്ചു് അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനു് രണ്ടു കമ്മിറ്റികളേയും രൂപീകരിച്ചിട്ടുണ്ടു്. മാത്രമല്ല ആ കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണു് അറിയുന്നതു്. എത്രയും വേഗം റിപ്പോർട്ടു സമർപ്പിക്കണമെന്നു് അവക്കു് നിർദ്ദേശവും നൽകിയിട്ടുണ്ടു്. ആകെ എത്ര സ്ഥലമുണ്ടെന്നും അതിൽ ഉപ്പളങ്ങൾ ഉണ്ടാക്കുന്നതിനു് എത്ര സ്ഥലങ്ങൾ ഉപയോഗിക്കാമെന്നും, ഉപ്പളങ്ങളെല്ലാം ദേശീയമാക്കി ഗവണ്മെൻറു് ഏറ്റെടുക്കുന്നതുകൊണ്ടു് ഗവണ്മെൻറിനു് എത്ര ചെലവു വരുമെന്നും മറ്റുമുള്ള സംഗതികളെപ്പറ്റി അന്വേഷണം നടത്തുന്നതിനു് തെളിവുകൾ ശേഖരിക്കുന്നതിനും ഈ കമ്മിറ്റികൾക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്. ഈ കമ്മിറ്റികളിൽ ഒന്നിൻെറ കൺവീനർ എക്സൈസ് കമ്മീഷണറും മറ്റൊന്നിൻെറ കൺവീനർ റിസർച്ചു ഡയറക്ടറുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PILLAI (*Thovala—General*): Is there any Salt Factory under the direct management of Government?

HON'BLE MR. T. K. NARAYANA PILLAI: I think it is only an experimental factory which is partly under the management of the Director of Research who is carrying on researches in that Particular area.

MR. K. SIVARAMA PILLAI: Is it working at a loss or at a profit?

HON'BLE MR. T. K. NARAYANA PILLAI: It is not working at a loss.

MR. K. SIVARAMA PILLAI: May I know the profit made during the year 1123?

HON'BLE MR. T. K. NARAYANA PILLAI: I am not possessed at present with the necessary figures.

MR. A. NESAMONY (*Vilavancode—S. I. U. C.*): May I know whether there is any surplus production of salt in the State?

HON'BLE MR. T. K. NARAYANA PILLAI: There is.

MR. A. NESAMONY: Is there any scheme for Government to dispose of this surplus salt produced?

HON'BLE MR. T. K. NARAYANA PILLAI: Government are taking the question of nationalisation of salt industry into consideration and they will see to the ways and means of utilising this surplus.

MR. A. NESAMONY: Is there any urgency for the nationalisation of salt?

HON'BLE MR. T. K. NARAYANA PILLAI: The question of urgency depends on the particular attitude which the Government takes on each industry and each scheme.

MR. A. NESAMONY: Is there any scheme for nationalising any other industry in the State?

MR. PRESIDENT: That question does not arise.

MR. P. S. NATARAJA PILLAI (*Trivandrum V—General*): Is there any restriction for the free movement of salt from the Union territory into the State?

HON'BLE MR. T. K. NARAYANA PILLAI: പ്രധാന ചോദ്യത്തിൽനിന്നും ഇങ്ങനെ ഒരു ഉപചോദ്യം ഉണ്ടാകുമെന്നു കരുതാത്തതിനാൽ ഉത്തരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. S. NATARAJA PILLAI: Is not the minimum price of salt fixed by an Act by the Travancore Government?

HON'BLE MR. T. K. NARAYANA PILLAI: ഞാൻ ആദ്യം പറഞ്ഞതുപോലെതന്നെ ഈ ഉപചോദ്യവും പ്രധാന ചോദ്യത്തിൽനിന്നും ഉണ്ടാകുമെന്ന പ്രതീക്ഷ ഇല്ലാതിരുന്നതിനാൽ പെട്ടെന്നു മറുപടി പറയാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: May I know the price level in British India and the Travancore price level?

HON'BLE MR. T. K. NARAYANA PILLAI: With due respect I submit that this question does not necessarily arise from the main question that has been asked.

MR. P. S. NATARAJA PILLAI: If there is no restriction enforced by the Indian Union Government will not salt from British India come into Travancore?

MR. P. T. CHACKO (*Kottayam II—General*): ഇപ്പോൾ ബ്രട്ടീഷി ൻഡ്യ എന്നാണല്ലോ?

MR. P. S. NATARAJA PILLAI: I am thankful to Mr. Chacko for correcting me. I made a mistake.

HON'BLE MR. T. K. NARAYANA PILLAI: Those are considerations which may weigh with the Government in deciding the question whether this industry should ultimately be nationalised.

MR. U. K. VASUDEVAN ASARI (*Kottayam III—Kammala*): വിദേശങ്ങ ളിൽനിന്നും ഇപ്പോൾ ഈ രാജ്യത്തു് ഉപ്പു് ഇറക്കുമതിചെയ്യുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: ഇറക്കുമതി ചെയ്യുന്നതായി ഗവണ്മെൻറിനു് അറിവില്ല.

MR. A. THANU PILLAI (*Trivandrum II—General*): ഉപ്പു് ഒരു ആദായമാർഗമാക്കണമെന്നു ഗവണ്മെൻറിനു് ഉദ്ദേശമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: ഉപ്പു് ദേശീയമാക്കുന്നതു കൊണ്ടു ഗവണ്മെൻറിനു് എന്തെങ്കിലും ആദായം കിട്ടുമെങ്കിൽ അതു വേണ്ടെന്നു വയ്ക്കണമെന്നു ഗവണ്മെൻറിനു് ഉദ്ദേശമില്ല.

ഉദ്യോഗങ്ങൾ കുറവുവരുത്തിയതുമൂലമുള്ള ആദായങ്ങൾ.

*224. MOHAMMED MUSTAFA (*Patanapuram—Muslim Reserved*): താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

ഉദ്യോഗങ്ങൾ കുറവുവരുത്തിയതുമൂലം ഫർലോ-ൽ ആകെ എത്ര തുക ഗവണ്മെൻറിനു് ആദായമുണ്ടാകുമെന്നാണു് കണക്കാക്കിയി ട്ടുള്ളതെന്നു് സദയം പ്രസ്താവിക്കുമോ?

HON'BLE MR. A. J. JOHN: ഒന്നുമില്ല. ശൂന്യം.

MR. PAUL THALIAT (*Parur IV—General*): ചെലവു കുറവിനെ ഉദ്ദേ ശിച്ചുമാത്രമാണോ ഈ ഉദ്യോഗങ്ങൾ കുറവുചെയ്തിട്ടുള്ളതു്?

HON'BLE MR. A. J. JOHN: കുറവു ചെയ്യാനുള്ള കാരണങ്ങളിൽ ഒന്നു് അതാണു്.

LIBRARY ARCHIVES Kerala Legislative Assembly